കേരളസർവകലാശാല

നം.പി.ആർ.98/2022

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം. (ഹിയറിംഗ് ഇംപയേർഡ്) (റെഗുലർ/സപ്ലിമെന്ററി – 2013 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും മെയ് 23 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ ജൂൺ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2008 സ്കീം) ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ ഡേറ്റാബേസ് ലാബ് (08508), കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഒബ്ജക്ട് ഓറിയന്റഡ് പ്രോഗ്രാമിംഗ് ലാബ് (08507), ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് ലാബ് (08508) എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ 2022 മെയ് 18 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ, ഡിസംബർ 2021 (2008 സ്കീം) കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ മൈക്രോപ്രോസസർ ലാബ് (08607), സിസ്റ്റം സോഫ്റ്റ്വെയർ ലാബ് (08608) എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 20 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രൈവറ്റ് രജിസ്ട്രേഷൻ – തീയതി നീട്ടി

കേരളസർവകലാശാലയുടെ 2022 – 2024 വർഷത്തിലെ ബി.എ./ബി.കോം./ബി.എ.അഫ്സൽ–ഉൽ–ഉലാമ/ബി.കോം. അഡീഷണൽ ഇലക്ടീവ് കോ–ഓപ്പറേഷൻ (2021 അഡ്മിഷൻ) എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2625/- രൂപ പിഴയോടെയും ബി.ബി.എ. കോഴ്സിന് 3150/- രൂപ പിഴയോടെയും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 20 വരെ നീട്ടിയിരിക്കുന്നു (മൂന്നാം വർഷ റീ–രജിസ്ട്രേഷൻ ഒഴികെ). വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ കോഴ്സിന്റെ (മേഴ്സിചാൻസ് – 2013 – 2016 അഡ്മിഷൻ) ആറാം സെമസ്റ്റർ മെയ് 2022 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ മെയ് 19 വരെയും 150 രൂപ പിഴ

യോടെ മെയ് 23 വരെയും 400 രൂപ പിഴയോടെ മെയ് 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടാഗോർ കൃതികളുടെ പുസ്തക പ്രദർശനം

കേരളസർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ രവീന്ദ്രനാഥ ടാഗോറിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ലൈബ്രറി ഹാളിൽ 2022 മേയ് 09 മുതൽ മേയ് 16 വരെ ടാഗോറിന്റെ കൃതികളുടെ പുസ്തക പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നു. പ്രദർശനത്തിൽ അദ്ദേഹത്തിന്റെ കവിതകൾ, ഓർമ്മക്കുറിപ്പ്, നാടകങ്ങൾ, കഥകൾ, പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ച ലേഖനങ്ങൾ മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനോടനുബന്ധിച്ച് യൂണിവേഴ്സിറ്റി കോളേജിലെ NCC ആർമി വിംഗിലെ ലഫ്റ്റനന്റ് ഡോ.സുരേഷ്. ജെ യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ പുസ്തക പ്രദർശനത്തിനെത്തുകയും ടാഗോർ കൃതികളെ അടുത്തറിയാൻ സാധിച്ചതിലുള്ള സന്തോഷമറിയിക്കുകയും ചെയ്തു. ലൈബ്രറി അംഗങ്ങൾ അല്ലാത്തവർക്കും പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.

തിരുവനന്തപുരം,
13.05.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**